**ALL INDIA RADIO THIRUVANANTHAPURAM**

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 19.06.2024**

## പ്രധാനവാർത്തകൾ

1. ഇന്ത്യയെ വിദ്യാഭ്യാസത്തിന്റെയും വിജ്ഞാനത്തിന്റെയും മുഖ്യകേന്ദ്രമാക്കി മാറ്റാനാണ് കേന്ദ്രസർക്കാർ ശ്രമമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. തലശ്ശേരി ബോംബ് സ്ഫോടനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.
3. സംസ്ഥാനത്ത് എസ് എസ് എൽ സി ക്ക് മിനിമം മാർക്ക് ഏർപ്പെടുത്തണമെന്ന് മന്ത്രി വി ശിവൻകുട്ടി; പ്ലസ്ടു പാഠ്യ പദ്ധതി പരിഷ്കരണത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണം തേടി മന്ത്രി.
4. മൻ കി ബാത്തിൽ പ്രധാനമന്ത്രി പരാമർശിച്ച വിഷയങ്ങൾ രാജ്യ നിർമാണത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കണമെന്ന്, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.
5. ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എട്ടിലെ ആദ്യ മത്സരത്തിൽ ഇന്ന് ദക്ഷിണാഫ്രിക്ക അമേരിക്കയെ നേരിടും.

RNU TVPM

6. സംസ്ഥാനത്ത് കാലവർഷം ശക്തമാകുന്നു; ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത.

$$$$$$$$$$$$$$$$$$$$$$

## പ്രധാനമന്ത്രി -ബീഹാർ

രാജ്യത്തിന്റെ അക്കാദമിക പൈതൃകത്തിൻ്റെയും ഊർജ്ജസ്വലമായ സാംസ്കാരിക വിനിമയത്തിൻ്റെയും പ്രതീകമാണ് നാളന്ദയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബീഹാറിൽ രാജഗിരിയിലുള്ള നാളന്ദ സർവകലാശാലയുടെ പുതിയ ക്യാമ്പസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ രംഗത്തിന്റെ വികസനത്തിലൂടെയേ രാജ്യത്തിന്റെ സാമ്പത്തിക സാംസ്കാരിക വികസനം സാധ്യമാകൂ എന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയെ വിദ്യാഭ്യാസത്തിന്റെയും വിജ്ഞാനത്തിന്റെയും മുഖ്യകേന്ദ്രമാക്കി മാറ്റാനാണ് കേന്ദ്രസർക്കാർ ശ്രമമെന്നും ശ്രീ മോദി വ്യക്തമാക്കി. വിദേശകാര്യമന്ത്രി എസ്.ജയശങ്കർ, ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, 17 രാജ്യങ്ങളിലെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. നാളന്ദ സർവകലാശാലയുടെ പുരാതന അവശിഷ്ടങ്ങളും പ്രധാനമന്ത്രി സന്ദർശിച്ചു.

RNU TVPM

$$$$$$$$$$$$$$$$$$$$$$

## അടിയന്തര പ്രമേയം

കണ്ണൂർ തലശ്ശേരിയിൽ സ്റ്റീൽ ബോംബ് പൊട്ടി വൃദ്ധൻ മരിച്ച വിഷയത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്തു നിന്നും സണ്ണി ജോസഫ് ആണ് അടിയന്തര പ്രമേയ അവതരണത്തിന് നോട്ടീസ് നൽകിയത്. കണ്ണൂരിൽ ബോംബ് നിർമാണത്തിന് നേതൃത്വം

നൽകുന്നത് സിപിഐഎമ്മാണെന്ന് തെളിഞ്ഞതായി സണ്ണി ജോസഫ് ആരോപിച്ചു. ക്രിമിനലുകളെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതായി പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു. സംഭവത്തിൽ ഊർജിതമായ അന്വേഷണം തുടരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകി. വെടി മരുന്ന്, ബോംബ് നിർമ്മാണം എന്നിവക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ പോലീസ് മേധാവിക്ക് നിർദേശം നൽകിയതായും മുഖ്യമന്ത്രി അറിയിച്ചു. മുഖ്യമന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോവുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$

## നിയമസഭ- എസ്എസ്എൽസി മിനിമം മാർക്ക്

സംസ്ഥാനത്ത് എസ് എസ് എൽ സി യ്ക്ക് മിനിമം മാർക്ക് ഏർപ്പെടുത്തേണ്ടതുണ്ടെന്ന് മന്ത്രി വി ശിവൻകുട്ടി. ഇത് സംബന്ധിച്ച് ഭരണ - പ്രതിപക്ഷം ഒരുമിച്ച് ചർച്ച ചെയ്യണമെന്നും മന്ത്രി നിയമസഭയിലെ ചോദ്യോത്തര വേളയിൽ പറഞ്ഞു. പ്ലസ്ടു പാഠ്യ പദ്ധതി പരിഷ്കരണം നടത്തേണ്ടത് അത്യാവശ്യമാണെന്നും അതിനായി പ്രതിപക്ഷത്തിന്റെ സഹകരണം ഉണ്ടാകണം എന്നും മന്ത്രി അഭ്യർത്ഥിച്ചു.

$$$$$$$$$$$$$$$$$$$$$

RNU TVPM

## നിയമസഭ- കെ.രാജൻ

സർവേ നടപടികളിൽ മറ്റ് സംസ്ഥാനങ്ങൾ കേരളത്തെ മാതൃകയാക്കുന്നുവെന്ന് മന്ത്രി കെ രാജൻ. ഡിജിറ്റൽ റീസർവ്വേയുടെ ഭാഗമായി സംസ്ഥാനത്ത് ഒന്നര വർഷത്തിനിടയിൽ നാല് ലക്ഷം ഹെക്ടർ ഭൂമി അളന്ന് തിട്ടപ്പെടുത്തിയതായി മന്ത്രി നിയമസഭയിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

## നിയമസഭ-വി.ശിവൻകുട്ടി

സംസ്ഥാനത്ത് സ്കൂൾ ഒളിമ്പിക്സ് ഈ വർഷം നടത്താനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് മന്ത്രി വി ശിവൻകുട്ടി. നിയമസഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കായിക വിദ്യാലയങ്ങൾക്കായി പ്രത്യേക പാഠ്യപദ്ധതി രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായും മന്ത്രി അറിയിച്ചു.

RNU TVPM

$$$$$$$$$$$$$$$$$$$$$$

## കുവൈറ്റ് അനുശോചനം

കുവൈറ്റിലെ മംഗെഫിലെ ഫ്ളാറ്റിലുണ്ടായ തീപിടുത്തത്തിൽ ഇന്ന് നിയമസഭ അനുശോചനം രേഖപ്പെടുത്തി. നാടിൻറെ പുരോഗതിക്കും മുന്നേറ്റത്തിനും വലിയ സംഭാവനകൾ നൽകുന്നവരാണ് പ്രവാസികളെന്ന് മുഖ്യമന്ത്രി അനുശോചന പ്രസംഗത്തിൽ പറഞ്ഞു. മൃതദേഹങ്ങൾ നാട്ടിലെത്തിക്കാനും പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഫലപ്രദമായി കൈകോർത്തതായും അദ്ദേഹം വ്യക്തമാക്കി. പരിക്കേറ്റവർ എത്രയും വേഗം സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരട്ടെ എന്ന് പ്രത്യാശിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

## യോഗ ദിനം (ഇൻട്രോ)

അന്താരാഷ്ട്ര യോഗ ദിനാചരണത്തിനുള്ള ഒരുക്കങ്ങൾ രാജ്യത്തുടനീളം പുരോഗമിക്കുന്നു. ശരീരത്തിന്റേയും മനസ്സിന്റേയും ആരോഗ്യത്തിൽ യോഗ വഹിക്കുന്ന പങ്കിനെക്കുറിച്ച് യോഗ പരിശീലകയായ ഉമാ കല്യാണി ആകാശവാണി വാർത്തകളോട്...

(വോയിസ്)

$$$$$$$$$$$$$$$$$$$$$$

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' ഈ മാസം 30-ന്. മൻ കീ ബാത്തിൻറെ 111-◌ാ◌ം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും പങ്കുവയ്ക്കാൻ പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു. MyGov ഓപ്പൺ ഫോറത്തിലോ, നമോ മൊബൈൽ ആപ്പിലോ, 1800 11 7800 എന്ന നമ്പറിലോ സന്ദേശങ്ങളും ആശയങ്ങളും അറിയിക്കാം.

RNU TVPM

$$$$$$$$$$$$$$$$$$$$$$

## മൻ കി ബാത്ത് - ക്വിസ്

മൻ കി ബാത്ത് ജില്ലാതല ക്വിസ് പരിപാടിയുടെ മൂന്നാം സീസൺ മത്സരങ്ങളും വായനാദിനാചരണവും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പരാമർശിച്ച വിഷയങ്ങൾ രാജ്യ നിർമാണത്തിന് പ്രയോജനപ്പെടുത്താൻ സാധിക്കണമെന്ന് കേന്ദ്ര

സഹമന്ത്രി സുരേഷ് ഗോപി അഭിപ്രായപ്പെട്ടു. റേഡിയോ എന്ന ശ്രവണ മാധ്യമത്തിന്റെ സാധ്യതകൾ ലോകത്തിനു മുന്നിലെത്തിച്ച വ്യക്തിയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ വായന ദിനത്തിന്റെ ഭാഗമായി സ്കൂളിൽ ഒരുക്കിയ പ്രദർശനം കേന്ദ്ര സഹമന്ത്രി ഉദ്ഘാടനം ചെയ്തു. വായന മനസിലാക്കൽ മാത്രമല്ല, സ്വാംശീകരണം കൂടിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ ചടങ്ങിൽ സന്നിഹിതനായിരുന്നു. കേരളത്തിലെ ശ്രദ്ധിക്കപ്പെടാത്ത പല കാര്യങ്ങളും മൻ കി ബാത്തിൽ പ്രധാനമന്ത്രി പരാമർശിച്ചതിലൂടെ ലോക ശ്രദ്ധ നേടിയതായി ശ്രീ.വി.മുരളീധരൻ പറഞ്ഞു. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലുള്ള നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ പട്ടം സെന്റ് മേരിസ് സ്കൂളിലാണ് പരിപാടി സംഘടിപ്പിച്ചത്.

$$$$$$$$$$$$$$$$$$$$$

## ഇന്ന് വായനാ ദിനം

ദേശീയ വായനാ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. വായനയുടെ വിശാലമായ ലോകം തുറന്നു നൽകിയ പി.എൻ. പണിക്കരുടെ ചരമ ദിനമായ ജൂൺ 19 ആണ് എല്ലാ വർഷവും ദേശീയ വായനാ ദിനമായി ആചരിക്കുന്നത്. അദ്ദേഹത്തോടുള്ള ആദരസൂചകമായി അടുത്ത ഒരു മാസക്കാലം വായനാ മാസാഘോഷം സംഘടിപ്പിക്കും. ജൂലൈ 18 വരെയാണ് പരിപാടികൾ.

$$$$$$$$$$$$$$$$$$$$$

RNU TVPM

## ബുക്ക് മാർക്ക് ഉദ്ഘാടനം

സംസ്ഥാന സർക്കാർ സാംസ്കാരിക വകുപ്പ് സ്ഥാപനമായ ബുക്ക്മാർക്കിന്റെ കീഴിൽ തിരുവനന്തപുരത്ത് ആരംഭിക്കുന്ന കഫേ ബുക്ക്മാർക്കിന്റെ ഉദ്ഘാടനം വായനാദിനമായ ഇന്ന് മന്ത്രി സജി ചെറിയാൻ നിർവഹിക്കും. വൈകിട്ട് 3 മണിക്ക് നടക്കുന്ന ചടങ്ങിൽ ആദ്യവില്പന മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കും. അയ്യങ്കാളി ഹാളിന് സമീപം ഒരുക്കിയ ബുക്ക് മാർക്കിൽ ചൂട് കാപ്പിയോ ചായയോ ആസ്വദിച്ച് എത്രസമയം വേണമെങ്കിലും പുസ്തകം വായിച്ചിരിക്കാം. പുസ്തകങ്ങൾ വാങ്ങാനും സൗകര്യമൊരുക്കിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പാൽച്ചുരവും നിടുംപൊയിൽ ചുരവും ഉന്നതതല സംഘം സന്ദർശിച്ചു. ചുരം പാതയോരങ്ങളിൽ ശുചിത്വ പരിപാലനം ഉറപ്പാക്കുകയാണ് സന്ദർശന ലക്ഷ്യം.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ...**

(വോയിസ്)

$$$$$$$$$$$$$$$$$$$$$$

## ട്വന്റി-20

ട്വൻറി-20 ലോകകപ്പിൻറെ സൂപ്പർ EIGHT മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ഈ റൗണ്ടിലെ എല്ലാ മത്സരങ്ങളും വെസ്റ്റ് ഇൻഡീസിലാണ് നടക്കുക. സൂപ്പർ എട്ടിലെ ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക അമേരിക്കയുമായി ഏറ്റുമുട്ടും. രാത്രി എട്ടിനാണ്

RNUTVPM

മത്സരം. നാളെ ഇന്ത്യ അഫ്ഗാനിസ്ഥാനെ നേരിടും. ഈ മാസം 29 ന് ബാർബഡോസിലാണ് ട്വന്റി-20 ലോകകപ്പ് ഫൈനൽ.

$$$$$$$$$$$$$$$$$$$$$$

**<u>മഴ- സംസ്ഥാനം</u>**

സംസ്ഥാനത്ത് കാലവർഷം ശക്തമാകുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ നാളെ മുതൽ രണ്ടു ദിവസത്തേക്ക് കേരള തീരത്തും മറ്റന്നാൾ മുതൽ കർണാടക - ലക്ഷദ്വീപ് തീരങ്ങളിലും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

$$$$$$$$$$$$$$$$$$$$$$

**<u>മലപ്പുറം-മഞ്ഞപ്പിത്തം</u>**

മലപ്പുറം വള്ളിക്കുന്നിൽ 278 പേർക്കു മഞ്ഞപ്പിത്തം സ്ഥിരീകരിച്ചു. പി. അബ്ദുൽ ഹമീദ് എംഎൽഎ വിളിച്ചുചേർത്ത വകുപ്പുതല ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് കണക്ക് പുറത്തു വിട്ടത്. കൂടുതൽ പഞ്ചായത്തുകളിൽ രോഗവ്യാപനം ഉണ്ടായ സാഹചര്യത്തിലാണ് യോഗം ചേർന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

RNU TVPM